## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6374 — 11.07.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവള ഓഹരി മൂലധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനു വേണ്ടി രൂപീകരിക്കപ്പെട്ട കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിക്ക് നേരിട്ട് ഓഹരി വിപണിയിൽ പ്രവേശിക്കുവാൻ എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ: | (എ) | Securities and Exchange Board of India (Issue of Capital And Disclosure Requirements) Regulations, 2009 പ്രകാരം KIAL ന് നേരിട്ട് ഓഹരി വിപണിയിൽ പ്രവേശിക്കുവാൻ ഇപ്പോൾ സാദ്ധ്യമല്ല. |
| (ബി) | കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഓഹരികൾ കമ്പനി നേരിട്ട് പബ്ലിക് ഇഷ്യൂ നടത്തുവാൻ പാടില്ല എന്നു നിർദ്ദേശിക്കുന്ന ഏതെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ: എങ്കിൽ വിധി പ്പകർപ്പ് ലഭ്യമാക്കുമോ: | (ബി) | കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ് കമ്പനി നേരിട്ട് പബ്ലിക്ക് ഇഷ്യൂ നടത്തുവാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്ന കോടതി വിധിയൊന്നും നിലവിലില്ല. |
| (സി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ഓഹരി മൂലധനം സ്വരൂപിക്കുന്നതിലേയ്ക്കായി വേറെ ഏതെങ്കിലും കമ്പനിയോ സൊസൈറ്റിയോ രൂപീകരിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ: | (സി) | കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് നിർമ്മാണത്തിനായി ആവശ്യമായ ധനം സ്വരൂപിക്കുന്നതിലേക്കായി കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് പ്രൊമോഷൻ സൊസൈറ്റി (KIAPS) രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കമ്പനിയെക്കുറിച്ച് വിശദമാക്കുവാനും അതിന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുവാനും തയ്യാറാകുമോ: | (ഡി) | തിരുവിതാംകൂർ കൊച്ചി, സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്റ്റ്, 1955 പ്രകാരം 04.04.2012ലെ ജി.ഒ.(എം.എസ്). നം. 20/2012/ട്രാൻ നമ്പർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സൊസൈറ്റി രൂപീകരിച്ചിട്ടുള്ളത്. സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. |
| (ഇ) | പ്രസ്തുത കമ്പനിയുടെ / സൊസൈറ്റിയുടെ ബൈലോ പ്രകാരം ലാഭവിഹിത വിഭജനം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ: | (ഇ) | കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ട് പ്രൊമോഷൻ സൊസൈറ്റിയുടെ ലാഭവിഹിതം അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യാൻ പാടുള്ളതല്ല. അത് സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കേണ്ടത്. |
| (എഫ്) | ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം പബ്ലിക് ഇഷ്യൂവിലൂടെ മൂലധനം സ്വരൂപിക്കുന്ന ഒരു കമ്പനി ലാഭവിഭജനം നടത്തുന്നതും ഇപ്പോൾ ഓഹരിമൂലധനം സ്വരൂപിക്കുവാൻ വേണ്ടി രൂപീകരിച്ചിട്ടുള്ള സൊസൈറ്റിയുടെ ലാഭവിഹിത വിഭജനരീതിയും തമ്മിലുള്ള വ്യത്യാസമെന്തെന്ന് വ്യക്തമാക്കുമോ: | (എഫ്) | ഇന്ത്യൻ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള എല്ലാ കമ്പനികളുടെയും ലാഭവിഹിതം നിശ്ചയിക്കുന്നതും അവ ഓഹരി ഉടമകൾക്ക് വിതരണം ചെയ്യുന്നതും അങ്ങനെയുള്ള കമ്പനികളുടെ ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരമാണ്. കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് പ്രൊമോഷൻ സൊസൈറ്റിക്ക് ലാഭം ഉണ്ടായാൽ അത് വിതരണം ചെയ്യാതെ സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കാവൂ. |
| (ജി) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പ്രമോട്ടർമാർ ആരെല്ലാമെന്നും ചീഫ് പ്രമോട്ടർ ആരെന്നും വ്യക്തമാക്കുമോ? | (ജി) | സംസ്ഥാന സർക്കാരാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പ്രൊമോട്ടർ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**